സാമൂഹ്യവികസന വകുപ്പിന്റെ മരാമത്തുപണികൾ എം. എൽ. എ. മാരുമായി ചർച്ചചെയ്യണമെന്ന നിർദ്ദേശം

1338. [1810] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രകൃതിക്ഷോഭം കാരണം ഉണ്ടായിട്ടുള്ള കെടുതികൾ നേരെയാക്കുന്നതിനു വേണ്ടിയുള്ള മരാമത്തുപണികൾ സാമൂഹ്യവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുമ്പോൾ ബന്ധപ്പെട്ട എം. എൽ. എ. മാരുമായി ചർച്ചചെയ്തു നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

നിർദ്ദേശം നൽകുന്നതാണ്.

അട്ടപ്പാടി ആദിവാസി വികസന ബ്ലോക്കിൽ നടപ്പിലാക്കുന്ന പദ്ധതികൾ

1339. [1811] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വികസന വകുപ്പിന്റെ കീഴിൽ അട്ടപ്പാടി ആദിവാസി വികസന ബ്ലോക്കിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനെ പറ്റിയുള്ള ആക്ഷേപങ്ങൾ പരിഗണിച്ച് അട്ടപ്പാടിയിൽ നടപ്പിലാക്കിയതും, നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പദ്ധതികളെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തുമോ ?

ഉത്തരം

(എ) സാമൂഹ്യ വികസന വകുപ്പിന്റെ കീഴിൽ അട്ടപ്പാടി ആദിവാസി വികസന ബ്ലോക്കിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഈ പദ്ധതികളുടെ നടത്തിപ്പിനെപറ്റി വ്യക്തമായ അന്വേഷണം നടത്തുന്നതാണ്.

ആർ. എൽ. ഇ. ജി. പി. സ്കീം

1340. [1812] ശ്രീ. ഇ. ജെ. ലൂക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി 1983-84–85 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കു കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം എന്നത്തേക്ക് ലഭിക്കും ;

(ബി) ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി ഏറ്റുമാനൂർ ബ്ലോക്കിലെ അയ്മനം പഞ്ചായത്തിലെ പതിമറ്റം കേളനിയിൽ വീടുകൾ നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1985-86-ലെ പ്രോജക്ടുകൾ അംഗീകരിക്കാനുള്ള കേന്ദ്ര കമ്മിറ്റി ഇതുവരെ കൂടിയിട്ടില്ല. കമ്മിറ്റിയോഗം ചേരുന്നമുറയ്ക്ക് പ്രോജക്ടുകൾക്ക് അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്.

† അനു. നമ്പർ V.

2/1545/V.

LIBRARY ARCHIVES Kerala Legislative Assembly